# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചടയമംഗലം ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/KLM/P3/1049/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 29/07/2022
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചടയമംഗലം ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : ചടയമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചടയമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1. കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ,കൊല്ലം
3. കാര്യാലയ പകർപ്പ്

നമ്പർ: KSA/KLM/P3/1049/22 തീയ്യതി: 29/07/2022

## കൊല്ലം ജില്ലയിലെ ചടയമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ ചടയമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.കെ. പി മാത്യൂറോയ് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 30-05-2022 | 03-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 30-05-2022 | 03-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ജി സജികുമാർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീ. അരുൺ കുമാർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. രാജൻ വി ഡി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ശ്രീകുമാർ എസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. അരുണാദേവി. എസ്. | പ്രസിഡന്റ് | 01-03-2020 | 06-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി | പ്രസിഡന്റ് | 07-11-2020 | 29-12-2020 |
| ശ്രീ.ലതിക വിദ്യാധരൻ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. വിമൽ ചന്ദ്രൻ. ആർ | സെക്രട്ടറി | 01-04-2020 | 09-02-2021 |
| ശ്രീ.സഖി.എം | സെക്രട്ടറി | 10-02-2021 | 31-03-2021 |
| ശ്രീമതി. വി. എസ്. രാജലക്ഷ്മി | അസി.ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ | 01-04-2020 | 31-03-2021 |
| ശ്രീമതി.റീന തോമസ് | പട്ടികജാതി വികസന ഓഫീസർ. | 01-04-2020 | 31-03-2021 |
| ഡോ. രാജ് കപൂർ. ഡി | മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി, കടയ്ക്കൽ. | 01-04-2020 | 31-03-2021 |
| ഡോ. ശശി. കെ | മെഡിക്കൽ ഓഫീസർ, നിലമേൽ.സി.എച്ച്.സി | 01-04-2020 | 31-03-2021 |
| ഡോ.അനിത ബി വി | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, വെളിനെല്ലൂർ | 01-04-2020 | 31-03-2021 |
| ശ്രീമതി. നസീറാ ബീവി. എം | സി.ഡി.പി.ഒ | 01-04-2020 | 02-09-2020 |
| ശ്രീമതി. സുധാമണി.എസ് | സി.ഡി.പി.ഒ | 03-09-2020 | 31-03-2021 |
| ശ്രീമതി. പൗർണ്ണമി. സി. വി | ക്ഷീര വികസന ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ. ടോണി. റ്റി | വ്യവസായ വികസന ഓഫീസർ | 01-04-2020 | 07-03-2021 |
| ശ്രീമതി.സൌമ്യ | വ്യവസായ വികസന ഓഫീസർ | 08-03-2021 | 31-03-2021 |
| ശ്രീ. വിക്രമൻപിള്ള | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2020 | 29-07-2020 |

| | | | |
|---|---|---|---|
| ശ്രീമതി ദീന സുശീൽ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 30-07-2020 | 31-03-2021 |
| ശ്രീമതി രശ്മി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 22-06-2020 |
| ശ്രീ. അശ്വിൻ ദാസ് വി കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 24-06-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Rajan.V.D (Senior Grade Auditor, On 01-06-2022)<br>Last Updated By: Santhosh N (Computer Assistant, On 20-07-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Rajan.V.D (Senior Grade Auditor, On 01-06-2022)<br>Last Updated By: Santhosh N (Computer Assistant, On 29-07-2022) | 1-2 |
| 3 | വാർഷിക കണക്കുകളിലെ അപാകതകൾ<br>Written By: Rajan.V.D (Senior Grade Auditor, On 02-06-2022)<br>Last Updated By: Santhosh N (Computer Assistant, On 20-07-2022) | 1-2.1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Sreekumar.S (Auditor, On 03-06-2022)<br>Last Updated By: Santhosh N (Computer Assistant, On 29-07-2022) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: Rajan.V.D (Senior Grade Auditor, On 01-06-2022)<br>Last Updated By: Santhosh N (Computer Assistant, On 20-07-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Sreekumar.S (Auditor, On 03-06-2022)<br>Last Updated By: Santhosh N (Computer Assistant, On 20-07-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Rajan.V.D (Senior Grade Auditor, On 01-06-2022)<br>Last Updated By: Santhosh N (Computer Assistant, On 20-07-2022) | 1-6 |
| 8 | ക്യാഷ് പരിശോധന<br>Written By: Sreekumar.S (Auditor, On 03-06-2022)<br>Last Updated By: Santhosh N (Computer Assistant, On 27-07-2022) | 1-7 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: Sreekumar.S (Auditor, On 03-06-2022)<br>Last Updated By: Santhosh N (Computer Assistant, On 27-07-2022) | 1-8 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Sreekumar.S (Auditor, On 03-06-2022)<br>Last Updated By: Santhosh N (Computer Assistant, On 20-07-2022) | 1-9 |
| 11 | വാടകയിനത്തിൽ കുടിശ്ശിക<br>Written By: Sreekumar.S (Auditor, On 03-06-2022)<br>Last Updated By: Santhosh N (Computer Assistant, On 29-07-2022) | 1-10 |
| 12 | ഇ-ടെണ്ടർ ചെയ്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർഫാറവില ബ്ലോക്ക് പഞ്ചായത്തിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല<br>Written By: G.Sajikumar (Audit Officer (HG), On 02-06-2022)<br>Last Updated By: Santhosh N (Computer Assistant, On 27-07-2022) | 1-11 |
| 13 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി<br>Written By: Arun Kumar A (Asst. Audit Officer, On 03-06-2022)<br>Last Updated By: Santhosh N (Computer Assistant, On 27-07-2022) | 1-12 |
| 14 | പി.എം.എ.വൈ - ഭവന നിർമ്മാണം പൂർത്തിയാക്കിയില്ല<br>Written By: Rajan.V.D (Senior Grade Auditor, On 02-06-2022)<br>Last Updated By: R.Sheeja (Asst. Audit Officer, On 29-07-2022) | 1-13 |
| 15 | ലൈഫ് പദ്ധതി - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല.<br>Written By: Rajan.V.D (Senior Grade Auditor, On 01-06-2022)<br>Last Updated By: Santhosh N (Computer Assistant, On 27-07-2022) | 1-14 |
| 16 | വിവിധ പദ്ധതികൾ മുഖേന മരുന്നുകൾ വാങ്ങൽ - തുക മുൻകൂർ നൽകിയിട്ടും മരുന്നുകൾ ലഭ്യമായില്ല<br>Written By: Arun Kumar A (Asst. Audit Officer, On 02-06-2022)<br>Last Updated By: Santhosh N (Computer Assistant, On 20-07-2022) | 1-15 |

| | | |
|---|---|---|
| 17 | ചെങ്കൂർ വാർഡ് കൊല്ലംവിള കോളനി കിണർ പമ്പ് സെറ്റ്, സാങ്കേതികാനുമതി ലഭിച്ച തുകയേക്കാൾ അധികം തുക നല്കി<br>Written By: G.Sajikumar (Audit Officer (HG), On 03-06-2022)<br>Last Updated By: Santhosh N (Computer Assistant, On 27-07-2022) | 1-16 |
| 18 | Compensation For Delay/Liquidated Charges ഈടാക്കിയതിൽ കുറവ്<br>Written By: G.Sajikumar (Audit Officer (HG), On 03-06-2022)<br>Last Updated By: Santhosh N (Computer Assistant, On 29-07-2022) | 1-17 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | ചെങ്കൂർ വാർഡ് കൊല്ലംവിള കോളനി കിണർ പമ്പ് സെറ്റ്, സാങ്കേതികാനുമതി ലഭിച്ച തുകയോക്കാൾ 1,771/-രൂപാ അധികം നല്കി<br>Written By: G.Sajikumar (Audit Officer (HG), On 03-06-2022)<br>Last Updated By: R.Sheeja (Asst. Audit Officer, On 29-07-2022) | 3-1 |
| 2 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി - അധികം നൽകിയ തുക നിരാകരിക്കുന്നു.<br>Written By: Arun Kumar A (Asst. Audit Officer, On 03-06-2022)<br>Last Updated By: Santhosh N (Computer Assistant, On 29-07-2022) | 3-2 |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Rajan.V.D (Senior Grade Auditor, On 03-06-2022)<br>Last Updated By: Santhosh N (Computer Assistant, On 20-07-2022) | 4-1 |
| 2 | സംയുക്തപ്രോജക്റ്റുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Rajan.V.D (Senior Grade Auditor, On 03-06-2022)<br>Last Updated By: Santhosh N (Computer Assistant, On 20-07-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Rajan.V.D (Senior Grade Auditor, On 03-06-2022)<br>Last Updated By: Santhosh N (Computer Assistant, On 20-07-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Rajan.V.D (Senior Grade Auditor, On 03-06-2022)<br>Last Updated By: Santhosh N (Computer Assistant, On 20-07-2022) | 4-4 |
| 5 | വായ്പ/വായ്പതിരിച്ചടവ്<br>Written By: Rajan.V.D (Senior Grade Auditor, On 03-06-2022)<br>Last Updated By: Rajan.V.D (Senior Grade Auditor, On 03-06-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Rajan.V.D (Senior Grade Auditor, On 03-06-2022)<br>Last Updated By: Santhosh N (Computer Assistant, On 20-07-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Rajan.V.D (Senior Grade Auditor, On 03-06-2022)<br>Last Updated By: Santhosh N (Computer Assistant, On 20-07-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Rajan.V.D (Senior Grade Auditor, On 03-06-2022)<br>Last Updated By: Santhosh N (Computer Assistant, On 20-07-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Rajan.V.D (Senior Grade Auditor, On 03-06-2022)<br>Last Updated By: Santhosh N (Computer Assistant, On 29-07-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Rajan.V.D (Senior Grade Auditor, On 03-06-2022)<br>Last Updated By: Santhosh N (Computer Assistant, On 27-07-2022) | 4-10 |

| | | |
|---|---|---|
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Rajan.V.D (Senior Grade Auditor, On 03-06-2022)<br>Last Updated By: Santhosh N (Computer Assistant, On 23-07-2022) | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധപത്രികകൾ | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

25.03.2020 തീയതിയിലെ 1 (1) തീരുമാനപ്രകാരം അംഗീകരിച്ചു.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.21 | 23.07.2021 | - | - |

### 1-2.1 വാർഷിക കണക്കുകളിലെ അപാകതകൾ

2020-2021 വർഷ വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. Indian Bank HARIYALI WDF അക്കൗണ്ടിൽ (925655550) 1,92,233/-രൂപ നിഷ്ക്രിയമായി നിലനിർത്തിയിരിക്കുന്നു.

2. Depreciation കണക്കാക്കിയതിന്റെ ആധികാരികത ഉറപ്പാക്കാനായി ഡിപ്രീസിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

3. B 15 - പ്രകാരം Rent Receivable From Buildings ഇനത്തിൽ 2,38,000/-രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ രജിസ്റ്റർ പ്രകാരം കുടിശ്ശിക 4,68,400/-രൂപ ആണ്. തൻവർഷത്തെ കുടിശ്ശിക ഉൾപ്പെടുത്താത്തത് കൊണ്ടാണ് ഈ കുറവ് സംഭവിക്കുന്നത്.

4. എൻ.ആർ.ഇ.ജി.എസ്. വരവ് ചെലവ് കണക്കുകൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

5. 2020-2021 സാമ്പത്തിക വർഷം വിവിധ മരാമത്ത് പ്രവൃത്തികൾക്കായി 60,12,738/-രൂപയുടെ പാർട്ട്ബിൽ നൽകിയിട്ടുണ്ട്. എന്നാൽ വാർഷിക ധനകാര്യ പത്രികയിൽ ബാലൻസ് ഷീറ്റിലെ ബി-11(എ) ഷെഡ്യൂൾ പ്രകാരംം ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് 0 ആയാണ് ഉൾപ്പട്ടുത്തിയിരിക്കുന്നത്.

6. അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. പ്രധാനപ്പെട്ട അക്കൗണ്ടിങ്ങ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ ഉൾപ്പെടുത്തിയിട്ടില്ല.

7. RP31 (320100204) ലെ തുക 47,39,128/-രൂപ, (320800199) ലെ തുക 92,955/-രൂപ ഇവ സംബന്ധിച്ച കൃത്യത ഉറപ്പാക്കാനായുള്ള രേഖകൾ ലഭ്യമാക്കിയില്ല.

8. ജോയിന്റ് വെഞ്ചർ പദ്ധതികളുടെ ഇനം തിരിച്ചുള്ള വരവി-ചെലവ്-ബാലൻസ് വിവരങ്ങൾ ലഭ്യമാക്കിയില്ല.

9. കേരള വാട്ടർ അതോറിറ്റിയിൽ നൽകിയ 17,57,000/-രൂപ RP47 ൽ രേഖപ്പെടുത്തിയിട്ടില്ല.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 5,00,92,096/-രൂപ |
| വരവ് | 9,66,21,710/-രൂപ |
| ആകെ | 14,67,13,806/-രൂപ |
| ചെലവ് | 12,04,16,824/-രൂപ |
| നീക്കിയിരിപ്പ് | 2,62,96,982/-രൂപ |
| ചെലവിനത്തിലുള്ള നഷ്ടം/ അംഗീകരിക്കാത്ത തുക | 43,273/-രൂപ |
| തടസ്സപ്പെടുത്തുന്ന തുക | 1,35,71,035/-രൂപ |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ്/ ലാപ്പ്സായ തുക ₹ |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 5,15,22,815/- | 5,15,22,815/- | 4,55,60,648/- | 59,62,167/- |
| വികസനഫണ്ട് (എസ്.സി.പി) | 0 | 2,54,81,145/- | 2,54,81,145/- | 2,20,36,133/- | 34,45,012/- |
| വികസനഫണ്ട്- ടി.എസ്.പി | 0 | 9,02,000/- | 9,02,000/- | 7,50,000/- | 1,52,000/- |
| മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | 0 | 86,19,923/- | 86,19,923/- | 85,26,402/- | 93,521/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied) | 0 | 96,70,000/- | 96,70,000/- | 7,62,716/- | 89,07,284/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied) | 0 | 96,70,000/- | 96,70,000/- | 73,01,741/- | 23,68,259/- |
| ഐ.എ.വൈ. | 1,20,19,774/- | 2,67,722/- | 1,22,87,496/- | 0 | 1,22,87,496/- |
| HARIYALI | 18,63,595/- | 56,638/- | 19,20,233/- | 0 | 19,20,233/- |
| TSC | 40,64,099/- | 1,23,516/- | 41,87,615/- | 0 | 41,87,615/- |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 136 | 17,32,24,519/- | 113 | 8,59,09,800/- | 23 | 83% |

## 1-6 തൊഴിലുറപ്പ് പദ്ധതി

വാർഷിക ധനകാര്യ പത്രികയിൽ വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 02-06-2022 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ നീക്കിയിരിപ്പ് ഇല്ല എന്നത് ബോദ്ധ്യപ്പെട്ടു.

## 1-8 ആഭ്യന്തരനിയന്ത്രണം

ചടയമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം ഓഡിറ്റ് വേളയിൽ വിലയിരുത്തുകയുണ്ടായി.

1. ബജറ്റ് സംവിധാനത്തിലൂടെ വരവു ചെലവുകൾ അവലോകനം ചെയ്തു വരുന്നുണ്ട്.

2. അക്രൂവൽ അടിസ്ഥാനത്തിലുള്ള ഡബിൾ എൻട്രി സമ്പ്രദായത്തിലാണ് വാർഷിക കണക്കുകൾ തയ്യാറാക്കിയിരിക്കുന്നത്. വരവുകൾ യഥാസമയം ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടുകളിലേക്ക് ഒടുക്കുവരുത്തുന്നുണ്ടെങ്കിലും അതാത് ദിവസത്തെ വരവുകൾ കൃത്യമായി ഡേ ബുക്കിൽ എൻട്രി

വരുത്തുന്നില്ല. വരവ് തുകകൾ യഥാസമയം പിരിച്ചെടുക്കുന്നില്ല. ഇത് സംബന്ധിച്ച രേഖകളോ രജിസ്റ്ററുകളോ പരിപാലിക്കുന്നില്ല. മരാമത്ത് പണികൾക്ക് കൃത്യമായ സ്ഥലപരിശോധന, ആവശ്യകത എന്നിവ നിർണ്ണയിച്ചതിന് ശേഷം മാത്രം എസ്റ്റിമേറ്റുകൾ തയ്യാറാക്കേണ്ടതും പ്രവർത്തികൾ യഥാസമയം പൂർത്തീകരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും കൃത്യമായ മോണിറ്ററിംഗ് നടത്തേണ്ടതുമാണ്.

3. മാന്വൽ രസീത് നൽകുമ്പോൾ പാലിക്കേണ്ട നിബന്ധനകൾ പാലിക്കുന്നില്ല. വാടക രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിപാലിക്കുന്നില്ല.

4. സാംഖ്യ സോഫ്റ്റ് വെയർ മുഖേന കമ്പ്യൂട്ടർ രസീതുകൾ വരവുകൾ സ്വീകരിക്കുന്നില്ല, കൈകൊണ്ടെഴുതുന്ന രസീതുകളാണ് ഉപയോഗിക്കുന്നത്.

5. സാമ്പത്തിക വർഷാവസാനം ബാങ്ക് നീക്കിയിരിപ്പുകൾ പൊരുത്തപ്പെടുത്തുന്നുണ്ടെങ്കിലും എല്ലാ മാസങ്ങളിലും തുടർച്ചയായി ഇതു ചെയ്തു സാക്ഷ്യപ്പെടുത്തൽ നടത്തുന്നില്ല.

6. ചെലവ് വൗച്ചറുകളിൽ വിവരിക്കുന്ന ചെലവുകൾക്കനുബന്ധമായ രേഖകൾ കൃത്യമായി സൂക്ഷിക്കുന്നില്ല.

7. ചെലവുകൾ കണക്കിലുൾപ്പെടുത്തുമ്പോൾ അക്കൗണ്ടിംഗ് സ്റ്റാൻഡേർഡ് പ്രകാരം മൂലധനച്ചെലവെന്നും റവന്യൂ ചെലവെന്നും വേർതിരിക്കുന്നതിൽ അപാകത നിലനിൽക്കുന്നു.

8. സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ സവിശേഷ നമ്പറുകൾ നല്കി ആസ്തി രജിസ്റ്ററിൽ ചേർത്ത് കാലികമാക്കുന്നില്ല.

9. പ്രൊക്വയർമെന്റ് മാന്വൽ പ്രകാരമുള്ള വാങ്ങൽ നടപടികൾ സ്വീകരിക്കുന്നില്ല. മെഡിക്കൽ ഓഫീസർമാരുടെ വാങ്ങൽ നടപടികൾക്ക് പർച്ചെയ്സ് കമ്മിറ്റി കൂടിയിട്ടില്ല.

അപാകതകളിലേക്ക് പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 07-10-2021 മുതൽ 18-10-2021 വരെ | 2020-21 | 08-12-2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 05-03-2022 മുതൽ 09-03-2022 വരെ | 2019-20 | 23-05-2022 |

1-10 വാടകയിനത്തിൽ കുടിശ്ശിക

ചടയമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ നിലമേലിൽ ഒരു മിനി വ്യവസായ കേന്ദ്രം പ്രവർത്തിക്കുന്നുണ്ട്. കൊല്ലം ജില്ലാ പഞ്ചായത്തിന്റെ ഫണ്ട് ഉപയോഗിച്ചാണ് ഈ ഭൂമിയിൽ വ്യവസായ കേന്ദ്രത്തിനാവശ്യമായ കെട്ടിടം നിർമ്മിച്ചിട്ടുള്ളത്. എട്ട് യൂണിറ്റുകൾ/കടമുറികളിലായാണ് ഈ കേന്ദ്രം പ്രവർത്തിക്കുന്നത്. നിലവിൽ 1 മുതൽ 6 വരെ യൂണിറ്റുകളിൽ ശ്രീ. ആർ.എസ്. ലാൽ എന്നയാളുടെ വ്യവസായ യൂണിറ്റും 7, 8 കടമുറികളിൽ ശ്രീ. അഭിലാഷ് മാധവന്റെ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നു. വാടക പിരിവിന്റെ 60% ജില്ലാ പഞ്ചായത്തിനും 40% ബ്ലോക്ക് പഞ്ചായത്തിനുമായാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്.

| ക്രമ നം | കടമുറിയുടെ നമ്പർ | ലേലം കൊണ്ടിട്ടുള്ള വ്യക്തിയുടെ പേരും മേൽവിലാസവും | പ്രതിവർഷ വാടക (₹) | കുടിശ്ശിക കാലഘട്ടം | വാടക കുടിശ്ശിക (₹) |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | 7, 8 | ശ്രീ. അഭിലാഷ് മാധവൻ | 28,800/- | 2019-2021 വരെയുള്ളത് | 93,600/- |
| 2 | 1 മുതൽ 6 വരെ | ശ്രീ. ആർ.എസ്. ലാൽ | 86,400/- | 2018-2021 വരെയുള്ളത് | 3,74,800/- |
| | | ആകെ | | | 4,68,400/- |

ഇത്രയേറെ വാടക കുടിശ്ശിക ഉണ്ടാകാനുള്ള സാഹചര്യം പരിശോധിക്കപ്പെടേണ്ടതാണ്. കാലാകാലങ്ങളിൽ കരാർ പ്രകാരം നടപടി സ്വീകരിക്കുന്നതിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നും വീഴ്ചയുണ്ടായിട്ടുണ്ടോ എന്നും ഭരണസമിതി പരിശോധിക്കേണ്ടതാണ്. റവന്യു റിക്കവറി ഉൾപ്പെടെ ഉള്ള നടപടികളിലൂടെ വാടക കുടിശ്ശിക പൂർണ്ണമായും ഈടാക്കുന്നതിനും ഈടാക്കുന്ന വാടകയുടെ ജില്ലാ പഞ്ചായത്ത് വിഹിതം, ജില്ലാ പഞ്ചായത്തിൽ ഒടുക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി – 8/02-06-2022 .

1-11 ഇ-ടെണ്ടർ ചെയ്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർഫാറവില ബ്ലോക്ക് പഞ്ചായത്തിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല

ഇ-ടെണ്ടർ ചെയ്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറവില നിലവിൽ ബ്ലോക്ക് പഞ്ചായത്ത് അസി. എക്സി.എഞ്ചിനീയറുടെ എസ് ബി ഐ ആയൂർ ശാഖയിൽ ആരംഭിച്ചിട്ടുള്ള അക്കൗണ്ടിലാണ് ക്രെഡിറ്റു ചെയ്തുവരുന്നത്. 20-03-2022 വരെ 2,59,233/-രൂപാ വരവുണ്ട്. ടി തുക ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല. ടെണ്ടർ ഫാറവില ഇനത്തിൽ അസി. എക്സി. എഞ്ചിനീയറുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുള്ള മുഴുവൻ തുകയും ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.
ഓഡിറ്റ് അന്വേഷണം-03/ 02-06-2022

1-12 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി

1. പാലിന് സബ്സിഡി – തുക അധികം നൽകി

പ്രോജക്ട് നം-43/21 – ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി
ആകെ അടങ്കൽ-45,00,000/-രൂപ, വികസന ഫണ്ട് ജനറൽ
ആകെ ചിലവ്-44,95,441/-രൂപ
ബിൽ നം. തീയതി-22/27-11.20 തുക-4,19,744/-രൂപ
ബിൽ നം. തീയതി 24/10-12-20 തുക-2,20,808/-രൂപ
ബിൽ നം. തീയതി 27/23.12.20 തുക-2,93,504/-രൂപ
ബിൽ നം. തീയതി 29/30.12.20 തുക-5,26,741/-രൂപ
ബിൽ നം. തീയതി 32/7.1.21 തുക-1,58,908/-രൂപ
ബിൽ നം. തീയതി 34/22.1.21 തുക-1,56,540/-രൂപ
ബിൽ നം. തീയതി 36/15.2.21 തുക-1,69,936/-രൂപ
ബിൽ നം. തീയതി 37/15.2.21 തുക-1,51,420/-രൂപ
ബിൽ നം. തീയതി 40/15.2.21 തുക-1,55,652/-രൂപ
ബിൽ നം. തീയതി 43/22.2.21 തുക-1,80,948/-രൂപ
ബിൽ നം. തീയതി 42/22.2.21 തുക-2,16,892/-രൂപ
ബിൽ നം. തീയതി 49/27.3.21 തുക-2,61,016/-രൂപ

ബിൽ നം. തീയതി 51/27.3.21 തുക-2,02,808/-രൂപ
ബിൽ നം. തീയതി 52/27.3.21 തുക-2,34,060/-രൂപ
ബിൽ നം. തീയതി 54/27.3.21 തുക-1,49,766/-രൂപ
ബിൽ നം. തീയതി 57/29.3.21 തുക-1,42,572/-രൂപ
ബിൽ നം. തീയതി 58/29.3.21 തുക-2,98,389/-രൂപ
ബിൽ നം. തീയതി 176/10.12.20 (Asper A.C.R) തുക-5,55,737/-രൂപ

ക്ഷീര സംഘത്തിൽ നൽകുന്ന പാലിന് ക്ഷീര വികസന വകുപ്പ് നൽകുന്ന ഒരു രൂപ ഉൾപ്പെടെ ലിറ്ററൊന്നിന് നാല് രൂപ തോതിൽ ഒരു വർഷം പരമാവധി 40,000/-രൂപ ഒരു കർഷകന് സബ്സിഡിയായി നൽകാമെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പതിമൂന്നാം പഞ്ചവത്സരപദ്ധതി കാലയളവിലെ സബ്സിഡി മാനദണ്ഡങ്ങൾ സംബന്ധമായ 14.12.18 ലെ സ.ഉ(കൈ) നം 22/18/തസ്വഭവ, ഉത്തരവിൽ വ്യക്തമാക്കിയിരിക്കെ (ഖണ്ഡിക 6.2(8)) ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവഹണം നടത്തിയ പാലിന് സബ്സിഡി എന്ന പ്രോജക്ട് പ്രകാരം (പ്രോ. നം. 43/21) 2020-2021 കാലയളവിൽ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് സബ്സിഡി മാർഗരേഖയ്ക്ക് വിരുദ്ധമായി അനുവദനീയമായ തുകയിലും അധികം നൽകിയിരിക്കുന്നു.

| ഗുണഭോക്താവ് | 2020-21 കാലയളവിൽ ആകെ നൽകിയ സബ്സിഡി (₹) | അധികരിച്ച് നൽകിയ സബ്സിഡി (₹) |
|---|---|---|
| പ്രീത പി നായർ<br>അക്കൗണ്ട് നമ്പർ-109901000007697<br>(ഇൻഡ്യൻ ഓവർസീസ് ബാങ്ക്, തേവന്നൂർ) | 44,611/- | 4,611/- |
| മുഹമ്മദ് യൂസഫ്, എസ്.ബി.ഐ-കുമ്മിൾ<br>അക്കൗണ്ട് നമ്പർ-67087898379 | 50,479/- | 10,479/- |
| ബിജിശ്രീകുമാർ, എസ്.ബി.ഐ-അഞ്ചൽ<br>അക്കൗണ്ട് നമ്പർ - 57022558683 | 48,944/- | 8,944/- |
| ശ്രീജവേണുഗോപാൽ<br>ധനലക്ഷ്മി ബാങ്ക് ചടയമംഗലം<br>അക്കൗണ്ട് നമ്പർ - 007801300003198 | 54,578/- | 14,578/- |
| മൈഥിലി, ഇൻഡ്യൻ ബാങ്ക് ഇട്ടിവ<br>അക്കൗണ്ട് നമ്പർ - 574923956 | 42,890/- | 2,890/- |
| | ആകെ | 41,502/- |

വിശദവിവരം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മുഹമ്മദ് യൂസഫ്, പ്രീതാ പി നായർ എന്നിവർക്ക് യഥാക്രമം 10,479/-രൂപ, 4,611/-രൂപ വീതം അധികം നൽകിയിട്ടുണ്ടെന്നും, അധികം നൽകിയ തുക തിരികെ ഈടാക്കി അടയ്ക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. ബിജി ശ്രീകുമാർ, ശ്രീജ വേണുഗോപാൽ, മൈഥിലി എന്നിവർക്ക് 2019-20 വർഷത്തെ സ്പിൽ ഓവർ പദ്ധതികളിലായി ആണ് തുക നൽകിയതെന്ന് മറുപടിയിൽ പരാമർശിച്ചിരിയ്ക്കുന്നു. എന്നാൽ സാംഖ്യാ രേഖകൾ പ്രകാരം മേൽ പ്രസ്താവിത തുകകൾ അതാത് ഗുണഭോക്താക്കൾക്ക് നൽകിയതായി കാണുന്നതിനാലും, മറുപടിയെ സാധൂകരിയ്ക്കുന്ന രേഖകൾ ഹാജരാക്കാത്തതിനാലും, അധികം നൽകിയ സബ്സിഡി തുക 41,502/-രൂപ തിരികെ യഥാഫണ്ടിൽ ഒടുക്കുവരുത്തി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. – 10/3.6.22
നിരാകരിയ്ക്കുന്ന തുക-41,502/-രൂപ

2. പാലിന് സബ്സിഡി – തദ്ദേശ സ്വയംഭരണ സ്ഥാപന വിഹിതം അനുവദനീയമായതിലും അധികം നൽകി.

ക്ഷീര സംഘത്തിൽ നൽകുന്ന പാലിന് ക്ഷീരവികസന വകുപ്പ് നൽകുന്ന ഒരു രൂപ ഉൾപ്പെടെ ലിറ്ററൊന്നിന് നാല് രൂപ തോതിൽ ഒരു വർഷം പരമാവധി 40,000/- രൂപ ഒരു കർഷകന് സബ്സിഡിയായി നൽകാമെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പതിമൂന്നാം പഞ്ചവത്സരപദ്ധതി കാലയളവിലെ സബ്സിഡി മാനദണ്ഡങ്ങൾ സംബന്ധമായ 14.12.18 ലെ സ.ഉ(കൈ) നം. 22/18/തസ്വഭവ ഉത്തരവിൽ വ്യക്തമാക്കിയിരിക്കെ ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവഹണം നടത്തിയ പാലിന് സബ്സിഡി എന്ന പ്രോജക്ട് പ്രകാരം(പ്രോ. നം. 43/21) 2020-2021 കാലയളവിൽ 11,23,860/-രൂപ സബ്സിഡി ഇനത്തിൽ അധികമായി നല്കിയിട്ടുണ്ട്.

ക്ഷീര വികസന വകുപ്പിൽ നിന്നുള്ള സബ്സിഡി തുകയായ ഒരു രൂപ ഉൾപ്പെടാത്ത പക്ഷം കർഷകന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും നൽകാവുന്ന സബ്സിഡി ലിറ്ററിന് മൂന്ന് രൂപ തോതിലായതിനാലും സംസ്ഥാന വിഹിതം ലഭ്യമല്ലെങ്കിൽ അതും തദ്ദേശ സ്വയംഭരണ സ്ഥാപനം നൽകണമെന്ന് സബ്സിഡി മാർഗരേഖയിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്തതിനാലും പഞ്ചായത്ത് ഫണ്ടിൽ നിന്നും ലിറ്ററിന് നാല് രൂപ തോതിൽ സബ്സിഡി നൽകിയത് സബ്സിഡി മാർഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്.

മേൽ സൂചന അപാകതയിന്മേൽ വിശദീകരണം തേടി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ക്ഷീരവികസന വകുപ്പിൽ നിന്ന് സബ്സിഡി ലഭ്യമാകുന്ന മാസങ്ങളിൽ മൂന്ന് രൂപ വീതവും വകുപ്പിൽ നിന്നും സബ്സിഡി ലഭ്യമാകാത്ത തുടർന്നുള്ള മാസങ്ങളിൽ നാല് രൂപ വീതവും പഞ്ചായത്ത് ഫണ്ടിൽ നിന്നും സബ്സിഡി നൽകുന്ന രീതിയാണ് മുൻവർഷവും സ്വീകരിച്ചിരുന്നതെന്നും, തുടർവർഷങ്ങളിൽ മൂന്ന് രൂപ വച്ച് മാത്രമേ നൽകുകയുള്ളുവെന്നും മറുപടി നൽകിയിട്ടുണ്ട്.

അധികമായി സബ്സിഡി നൽകിയ ഇനത്തിൽ ചെലവഴിച്ചിട്ടുള്ള തുക ക്ഷീരവികസന വകുപ്പിൽ നിന്നും ലഭ്യമാക്കി ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

1-13 പി.എം.എ.വൈ - ഭവന നിർമ്മാണം പൂർത്തിയാക്കിയില്ല

'പി.എം.എ.വൈ' പദ്ധതി പൂർത്തീകരിക്കാൻ അവശേഷിക്കുന്നത് സംബന്ധിച്ചുള്ള തൽസ്ഥിതി വിവരം ചുവടെ ചേർക്കുന്നു. പദ്ധതി പൂർത്തീകരിപ്പിച്ച് വിവരം അറിയിക്കേണ്ടതാണ്.

| *പി എം എ വൈ – ഭവന നിർമ്മാണം (ജനറൽ)<br>പ്രോജക്റ്റ് നമ്പർ – 5/21 (അടങ്കൽ തുക : 1,20,00,197/-രൂപ, ചെലവ് തുക : 36,33,905/-രൂപ) | | | |
|---|---|---|---|
| ക്രമ നം | ഗുണഭോക്താവിന്റെ പേര് | ആകെ നൽകിയ തുക (₹) | നിലവിലെ അവസ്ഥ |
| 1 | ഓമന, അശ്വതിമന്ദിരം, ഇളമാട് | 3,06,000/- | വീട് കോൺക്രീറ്റ് പൂർത്തീകരിച്ച |
| 2 | കെ തങ്കമ്മ, വിളയിൽ പുത്തൻവീട്, പുത്തൂർ | 3,30,000/- | പണി പൂർത്തീകരിച്ച |
| 3 | മണിയമ്മ, ചരുവിള താഴതിൽ വീട്, ഇളമാട് | 3,06,000/- | വീട് കോൺക്രീറ്റ് പൂർത്തീകരിച്ച |
| 4 | കരുണാകൻ കെ, കാവുങ്ങൽ വീട്, കടയ്ക്കൽ | 3,06,000/- | വീട് കോൺക്രീറ്റ് പൂർത്തീകരിച്ചിട്ടില്ല |
| 5 | പുഷ്പവല്ലി, പുഷ്പമന്ദിരം, കടയ്ക്കൽ | 3,06,000/- | വീട് കോൺക്രീറ്റ് പൂർത്തീകരിച്ചിട്ടില്ല |
| 6 | ഓമന കെ, ചരുവിളവീട്, നിലമേൽ | 1,46,000/- | പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല |
| 7 | ലളിത, തടത്തരികത്തുവീട്, ചിതറ | 3,06,000/- | വീട് കോൺക്രീറ്റ് പൂർത്തീകരിച്ച |
| 8 | രജനി, മാത്തിലഴികത്തുവീട്, ചടയമംഗലം | 3,76,000/- | പ്രവൃത്തി പൂർത്തീകരിച്ചില്ല. |
| 9 | സതികുമാരി, വിളയിൽവീട് കുരിയോട്, ചടയമംഗലം | 1,46,000/- | പ്രവൃത്തി പൂർത്തീകരിച്ചില്ല. |
| 10 | വിശ്വനാഥൻ, മണികണ്ഠവിലാസം, മതിര, ചിതറ | 1,46,000/- | ഗുണഭോക്താവ് മരണപ്പെട്ടു. |
| 11 | ശ്രീലത, കാവിൽപാലവിളവീട്, ഫിൽഗിരി, ഇട്ടിവ | 48,000/- | ഗുണഭോക്താവ് മരണപ്പെട്ടു. |

പ്രവൃത്തി പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളെക്കൊണ്ട് പ്രവൃത്തി പൂർത്തീകരിപ്പിച്ച് അവസാന

ഗഡു തുക നൽകി വിവരം അറിയിക്കേണ്ടതാണ്.

1-14 ലൈഫ് പദ്ധതി - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

2020-2021-ൽ സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ലൈഫ് ഭവന നിർമ്മാണം (ജനറൽ)-11/2021, ലൈഫ് ഭവന നിർമ്മാണം (എസ് സി പി)-46/2021 എന്നീ പദ്ധതികളിലായി ബ്ലോക്ക് പരിധിയിൽപ്പെടുന്ന എട്ട് ഗ്രാമപഞ്ചായത്തുകൾക്കായി വിഹിതം നല്കിയിരുന്നു. പഞ്ചായത്തുകൾ വിനിയോഗസാക്ഷ്യപത്രം പൂർണ്ണമായും ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | പഞ്ചായത്ത് | നല്കിയ തുക (₹) | | UC ലഭ്യമായ തുക (₹) | | UC ലഭ്യമാകാൻ അവശേഷിക്കുന്ന തുക (₹) | |
|---|---|---|---|---|---|---|---|
| | | ലൈഫ് (ജന) | ലൈഫ് (SCP) | ലൈഫ് (ജന) | ലൈഫ് (SCP) | ലൈഫ് (ജന) | ലൈഫ് (SCP) |
| 1 | ചിതറ | 16,10,000/- | 8,80,000/- | 0 | 0 | 16,10,000/- | 8,80,000/- |
| 2 | കടയ്ക്കൽ | - | 26,30,000/- | 0 | 0 | - | 26,30,000/- |
| 3 | വെളിനല്ലൂർ | 10,00,000/- | 4,50,000/- | 0 | 0 | 10,00,000/- | 4,50,000/- |
| 4 | ഇളമാട് | 7,14,735/- | - | 0 | 0 | 7,14,735/- | 0 |
| 5 | ഇട്ടിവ | 12,00,000/- | 5,60,000/- | 0 | 0 | 12,00,000/- | 5,60,000/- |
| 6 | ചടയമംഗലം | 15,84,896/- | 6,36,552/- | 0 | 0 | 15,84,896/- | 6,36,552/- |
| 7 | കുമ്മിൾ | 6,40,000/- | 5,60,000/- | 0 | 0 | 6,40,000/- | 5,60,000/- |
| 8 | നിലമേൽ | 10,64,852/- | 40,000/- | 0 | 0 | 10,64,852/- | 40,000/- |
| ആകെ | | | | | | 78,14,483/- | 57,56,552/- |
| (ലൈഫ് ജനറൽ & ലൈഫ് SCP) | | | | | | 1,35,71,035/-രൂ | |

വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.
തടസ്സപ്പെടുത്തുന്ന തുക – 1,35,71,035/-രൂപ
ഓഡിറ്റ് എൻക്വയറി നം. 1/31.05.2022

1-15 വിവിധ പദ്ധതികൾ മുഖേന മരുന്നുകൾ വാങ്ങൽ - തുക മുൻകൂർ നൽകിയിട്ടും മരുന്നുകൾ ലഭ്യമായില്ല

ചടയമംഗലം ബ്ലോക്കിൽ 2020-21 വർഷം നടപ്പാക്കിയ താഴെ പറയുന്ന പദ്ധതികൾ പ്രകാരം മരുന്നുകൾ വാങ്ങുന്നതിന് കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ ലിമിറ്റഡിന് തുക മുൻകൂർ നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ മുഴുവൻ തുകയ്ക്കും മരുന്നുകൾ ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രൊജക്ടിന്റെ പേരും നമ്പരും | K.M.S.C.Lന് മുൻകൂർ നൽകിയ തുക (₹) | ബിൽ നം./ തീയതി | ബാക്കി ലഭിക്കേണ്ട മരുന്നുകളുടെ മൂല്യം (₹) |
|---|---|---|---|
| 47/2021 , ഡയാലിസിസ് യൂണിറ്റിന്റെ തുടർ പ്രവർത്തനം (മെഡിക്കൽ ഓഫീസർ കടയ്ക്കൽ) | 12,99,995/- | 12/21- 23.1.21 | 82,855/- |
| 34/21, സാന്ത്വന പരിചരണം (മെഡിക്കൽ ഓഫീസർ കടയ്ക്കൽ) | 3,05,209/- | 3/21- 29-7-20 | 1,46,865/- |

| | | | |
|---|---|---|---|
| 45/21, സെക്കന്ററി പാലിയേറ്റീവ് കെയർ പ്രോജക്ട് (മെഡിക്കൽ ഓഫീസർ വെളിനെല്ലൂർ) | 86,900/- | 15/8.3.21 | 7,805/- |
| 100/21, (സ്പിൽഓവർ) സെക്കണ്ടറി പാലിയേറ്റീവ് കെയർ യൂണിറ്റ് (മെഡിക്കൽ ഓഫീസർ വെളിനെല്ലൂർ) | 74,177/- | 14/21- 29.3.21 | 7,580/- |
| 37/21, നിലമേൽ സി.എച്ച്.സി യ്ക്ക് സെക്കൻഡറി പാലിയേറ്റീവ് കെയർ യൂണിറ്റ് (മെഡിക്കൽ ഓഫീസർ നിലമേൽ) | 3,32,200/- | 9/21- 29.1.21 | 80,689/- |

വിശദ വിവരം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് അറിയിക്കുന്നതാണന്ന മറുപടി ലഭ്യമാക്കി. മരുന്നുകൾ ലഭ്യമാകാതിരിക്കുന്നത് ആശുപത്രി സേവനങ്ങളെയും പെയിൻ & പാലിയേറ്റീവ് പ്രവർത്തനങ്ങളെയും ബാധിക്കുന്നുണ്ടോ എന്ന് മോണിറ്ററിംഗ് സമിതി യഥാസമയം പരിശോധിക്കേണ്ടതും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റി മോണിറ്ററിംഗ് റിപ്പോർട്ടിൻമേൽ നടപടി സ്വീകരിക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം. – 6/21, 2.6.22

1-16 ചെങ്കൂർ വാർഡ് കൊല്ലംവിള കോളനി കിണർ പമ്പ് സെറ്റ്, സാങ്കേതികാനുമതി ലഭിച്ച തുകയേക്കാൾ അധികം തുക നല്കി

പ്രവൃത്തി-ചെങ്കൂർ വാർഡ് കൊല്ലംവിള കോളനി കിണർ പമ്പ് സെറ്റ് (86/21)
നിർവ്വഹണ ഉദ്യോഗസ്ഥൻ- അസി. എഞ്ചിനീയർ

അടങ്കൽ തുക-9,00,000/-രൂപ (വികസനഫണ്ട്, എസ്.സി.പി.)

കരാറുകാരൻ-ശ്രീ. എം. ഷറഫുദ്ദീൻ

കരാർ- 19/AE/LSGD/CDLM/2018-19, 11-09-2018

പൂർത്തീകരണ കാലാവധി - 6 മാസം

ആദ്യ എസ്റ്റിമേറ്റ് പ്രകാരം ടി പ്രവൃത്തിയുടെ സാങ്കേതികാനുമതി തുക 9,00,000/-രൂപയായിരുന്നു. തുടർന്ന് എസ്റ്റിമേറ്റ് പരിഷ്ക്കരിക്കുകയും, സാങ്കേതികാനുമതി തുക 8,55,683/-രൂപയായി പരിഷ്ക്കരിക്കുകയും ചെയ്തു. ഇ-ടെണ്ടർ ചെയ്ത ടി പ്രവൃത്തിയുടെ കരാർ തുക 8,60,717/-രൂപയാണ്. പ്രവൃത്തിയുടെ അന്തിമബിൽ തുക താഴെ കൊടുത്തിരിക്കും പ്രകാരം നല്കിയിട്ടുണ്ട്.

പ്രവൃത്തിമൂല്യം-8,57,454/-രൂപ

ഇതിൽ നിന്നും ഭാഗിക ബിൽ പ്രകാരം നല്കിയിട്ടുള്ള തുകകൾ കുറവു വരുത്തി 5,32,488/-രൂപാ ബിൽ നമ്പർ 45, തീയതി 25-11-2020 പ്രകാരം പിൻവലിച്ചു. 9,000/-രൂപാ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാത്തതിന്റെ പിഴയായി കുറവു വരുത്തി ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിൽ അടവാക്കിയിട്ടുണ്ട്.

ടി പ്രവൃത്തിയുടെ പരിഷ്ക്കരിച്ച എസ്റ്റിമേറ്റ് പ്രകാരം സാങ്കേതികാനുമതി ലഭിച്ചിട്ടുള്ളത് 8,55,683/-രൂപയ്ക്കാണ്. എന്നാൽ അന്തിമബിൽ പ്രകാരം പ്രവൃത്തിമൂല്യം-8,57,454/-രൂപ കണക്കാക്കി തുക നല്കിയിരിക്കുന്നു. സാങ്കേതികാനുമതി ലഭിച്ചിട്ടുള്ള തുകയേക്കാൾ 1,771/-രൂപാ അധികം നല്കി.

സാങ്കേതികാനുമതി തുകയേക്കാൾ അധികം നല്കിയ 1,771/-രൂപാ നിരാകരിക്കുന്നു. ടി തുക തിരികെ

ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കു വരുത്തേണ്ടതാണ്.
നിരാകരണം- 1771/-രൂപ .
ഓഡിറ്റ് അന്വേഷണം – 04, തീയതി 02-06-2022 .

1-17 Compensation For Delay/Liquidated Charges ഈടാക്കിയതിൽ കുറവ്

കരാറുകാർ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാത്ത കേസുകളിൽ Kerala Public Works Department Manual 2012 (G.O.(P)No.13/2012/PWD തീ. 01.02.2012), സെക്ഷൻ 2116.1 പ്രകാരം Compensation For Delay/Liquidated Charges ( P.A.C. തുകയുടെ 0.1% തുക, വൈകിയ ഓരോ ആഴ്ചയ്ക്കും എന്ന കണക്കിൽ) ഇനത്തിൽ തുക, അന്തിമ ബില്ലിൽ നിന്നും ഈടാക്കി മാത്രമെ കരാറുകാരന് തുക നൽകുവാൻ അനുവാദമുള്ളൂ. ചുവടെ ചേർക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ, പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി കൃത്യമായ കാരണങ്ങൾ രേഖപ്പെടുത്തി, പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെയടിസ്ഥാനത്തിൽ ദീർഘിപ്പിച്ച് നൽകിയിട്ടുള്ളതായി കാണുന്നില്ല. അവസാന ബിൽ തുക നൽകിയപ്പോൾ ചട്ടപ്രകാരമുള്ള ഫൈൻ ഈടാക്കിയിട്ടുമില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് | കടയ്ക്കൽ മാർക്കറ്റിൽ പ്ലാസ്റ്റിക്ക് മാലിന്യശേഖരണ കെട്ടിട നിർമ്മാണം (87/21) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി. എക്സി. എഞ്ചിനീയർ |
| അടങ്കൽ തുക | 20,00,000/-രൂപ (വികസന ഫണ്ട്) |
| കരാറുകാരൻ | ശ്രീ. ജെ സുനിൽദത്ത് |
| കരാർ | 32/AEE/LSGD/CDLM/2018-19, 04-02-2019 |
| ചെലവ് തുക | 12,00,649/-രൂപ |
| എഗ്രീഡ്പി.എ.സി | 18,39,828/-രൂപ |
| പ്രവൃത്തിയ്ക്ക് അനുവദിച്ച സമയം | 6 മാസം |
| പ്രവൃത്തി ആരംഭിച്ച തീയതി (സ്ഥലം കൈമാറിയ തീയതി) | 02-03-2019 |
| പ്രവൃത്തി പൂർത്തീകരിച്ച തീയതി | 02-03-2020 |
| കരാർ പ്രകാരം പ്രവൃത്തി പൂർത്തിയാക്കേണ്ട തീയതി | 01-09-2019 |
| വൈകിയ കാലയളവ് | 181 ദിവസം |
| കണക്കാക്കാവുന്ന ഫൈൻ | 47,572/-രൂപ (18,39,828/- X 0.1% X 181/7). |
| ഈടാക്കിയ ഫൈൻ. | 18,398/-രൂപ |
| ഈടാക്കിയതിൽ കുറവുവന്ന തുക | 29,174/-രൂപ |

2)

| | |
|---|---|
| പ്രോജക്ട് | ചെങ്കൂർ വാർഡ് കൊല്ലംവിള കോളനി കിണർ പമ്പ് സെറ്റ് 86/21) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി. എഞ്ചിനീയർ |
| അടങ്കൽ തുക | 9,00,000/-രൂപ (വികസനഫണ്ട്, എസ്.സി.പി.) |
| കരാറുകാരൻ | ശ്രീ. എം ഷറഫുദ്ദീൻ |

| | |
|---|---|
| കരാർ | 19/AE/LSGD/CDLM/2018-19, 11-09-2018 |
| എഗ്രീഡ് പി.എ.സി. | 8,60,717/-രൂപ |
| പ്രവൃത്തിയ്ക്ക് അനുവദിച്ച സമയം | 6 മാസം |
| പ്രവൃത്തി ആരംഭിച്ച തീയതി | 11-09-2018 |
| പ്രവൃത്തി പൂർത്തീകരിച്ച തീയതി | 08-09-2020 |
| കരാർ പ്രകാരം പ്രവൃത്തി പൂർത്തിയാക്കേണ്ട തീയതി | 10-03-2019 |
| വൈകിയ കാലയളവ് | 550 ദിവസം |
| കണക്കാക്കാവുന്ന ഫൈൻ | 67,628/-രൂപ (8,60,717/- X 0.1% X 550/7). |
| ഈടാക്കിയ ഫൈൻ | 9,000/-രൂപ |
| ഈടാക്കിയതിൽ കുറവുവന്ന തുക | 58,628/-രൂപ |

രണ്ട് പ്രവൃത്തികളിലായി പിഴ ഇനത്തിൽ ഈടാക്കിയതിൽ കുറവു വന്ന 87,802/-രൂപാ ഈടാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ചെങ്കൂർ വാർഡ് കൊല്ലംവിള കോളനി കിണർ പമ്പ് സെറ്റ്, സാങ്കേതികാനുമതി ലഭിച്ച തുകയോക്കാൾ 1,771/-രൂപാ അധികം നല്കി

പ്രവൃത്തി-ചെങ്കൂർ വാർഡ് കൊല്ലംവിള കോളനി കിണർ പമ്പ് സെറ്റ് (86/21)
നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി. എഞ്ചിനീയർ

അടങ്കൽ തുക - 9,00,000/-രൂപ (വികസനഫണ്ട്, എസ്.സി.പി.)

കരാറുകാരൻ – ശ്രീ. എം. ഷറഫുദ്ദീൻ

കരാർ - 19/AE/LSGD/CDLM/2018-19, 11-09-2018

പൂർത്തീകരണ കാലാവധി – 6 മാസം

ആദ്യ എസ്റ്റിമേറ്റ് പ്രകാരം ടി പ്രവൃത്തിയുടെ സാങ്കേതികാനുമതി തുക 9,00,000/-രൂപയായിരുന്നു. തുടർന്ന് എസ്റ്റിമേറ്റ് പരിഷ്കരിക്കുകയും, സാങ്കേതികാനുമതി തുക 8,55,683/-രൂപയായി പരിഷ്കരിക്കുകയും ചെയ്തു. ഇ-ടെണ്ടർ ചെയ്ത ടി പ്രവൃത്തിയുടെ കരാർ തുക 8,60,717/-രൂപയാണ്. പ്രവൃത്തിയുടെ അന്തിമബിൽ തുക താഴെ കൊടുത്തിരിക്കും പ്രകാരം നല്കിയിട്ടുണ്ട്.

പ്രവൃത്തിമൂല്യം-8,57,454/-രൂപ

ഇതിൽനിന്നും ഭാഗിക ബിൽ പ്രകാരം നല്കിയിട്ടുള്ള തുകകൾ കുറവുവരുത്തി 5,32,488/-രൂപാ ബിൽ നമ്പർ 45, തീയതി 25-11-2020 പ്രകാരം പിൻവലിച്ചു. 9,000/-രൂപാ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാത്തതിന്റെ പിഴയായി കുറവുവരുത്തി ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിൽ അടവാക്കിയിട്ടുണ്ട്.

ടി പ്രവൃത്തിയുടെ പരിഷ്കരിച്ച എസ്റ്റിമേറ്റ് പ്രകാരം സാങ്കേതികാനുമതി ലഭിച്ചിട്ടുള്ളത് 8,55,683/-രൂപയ്ക്കാണ്. എന്നാൽ അന്തിമബിൽ പ്രകാരം പ്രവൃത്തിമൂല്യം-8,57,454/-രൂപ കണക്കാക്കി തുക നല്കിയിരിക്കുന്നു. സാങ്കേതികാനുമതി ലഭിച്ചിട്ടുള്ള തുകയേക്കാൾ 1,771/-രൂപാ അധികം നല്കി. സാങ്കേതികാനുമതി തുകയേക്കാൾ അധികം നല്കിയ 1,771/- രൂപാ നിരാകരിക്കുന്നു. ടി തുക തിരികെ ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കു വരുത്തേണ്ടതാണ്.

3-2 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി - അധികം നൽകിയ തുക നിരാകരിക്കുന്നു.

പ്രോജക്ട് നം-43/21 – ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി

ആകെ അടങ്കൽ-45,00,000/-രൂപ, വികസന ഫണ്ട് ജനറൽ

ആകെ ചിലവ്-44,95,441/-രൂപ

ബിൽ നം. തീയതി-22/27-11.20 തുക-4,19,744/-രൂപ

ബിൽ നം. തീയതി 24/10-12-20 തുക-2,20,808/-രൂപ

ബിൽ നം. തീയതി 27/23.12.20 തുക-2,93,504/-രൂപ

ബിൽ നം. തീയതി 29/30.12.20 തുക-5,26,741/-രൂപ

ബിൽ നം. തീയതി 32/7.1.21 തുക-1,58,908/-രൂപ

ബിൽ നം. തീയതി 34/22.1.21 തുക-1,56,540/-രൂപ

ബിൽ നം. തീയതി 36/15.2.21 തുക-1,69,936/-രൂപ

ബിൽ നം. തീയതി 37/15.2.21 തുക-1,51,420/-രൂപ

ബിൽ നം. തീയതി 40/15.2.21 തുക-1,55,652/-രൂപ

ബിൽ നം. തീയതി 43/22.2.21 തുക-1,80,948/-രൂപ

ബിൽ നം. തീയതി 42/22.2.21 തുക-2,16,892/-രൂപ

ബിൽ നം. തീയതി 49/27.3.21 തുക-2,61,016/-രൂപ

ബിൽ നം. തീയതി 51/27.3.21 തുക-2,02,808/-രൂപ

ബിൽ നം. തീയതി 52/27.3.21 തുക-2,34,060/-രൂപ

ബിൽ നം. തീയതി 54/27.3.21 തുക-1,49,766/-രൂപ

ബിൽ നം. തീയതി 57/29.3.21 തുക-1,42,572/-രൂപ

ബിൽ നം. തീയതി 58/29.3.21 തുക-2,98,389/-രൂപ

ബിൽ നം. തീയതി 176/10.12.20 (Asper A.C.R) തുക-5,55,737/-രൂപ

ക്ഷീര സംഘത്തിൽ നൽകുന്ന പാലിന് ക്ഷീരവികസന വകുപ്പ് നൽകുന്ന ഒരു രൂപ ഉൾപ്പെടെ ലിറ്ററൊന്നിന് നാല് രൂപ തോതിൽ ഒരു വർഷം പരമാവധി 40,000/-രൂപ ഒരു കർഷകന് സബ്സിഡിയായി നൽകാമെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പതിമൂന്നാം പഞ്ചവത്സരപദ്ധതി കാലയളവിലെ സബ്സിഡി മാനദണ്ഡങ്ങൾ സംബന്ധമായ 14.12.18 ലെ സ.ഉ(കൈ) നം 22/18/തസ്വഭവ ഉത്തരവിൽ (ഖണ്ഡിക 6.2(8)) വ്യക്തമാക്കിയിരിക്കെ ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവഹണം നടത്തിയ പാലിന് സബ്സിഡി എന്ന പ്രോജക്ട് പ്രകാരം (പ്രോ. നം. 43/21) 2020-2021 കാലയളവിൽ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് സബ്സിഡി മാർഗരേഖയ്ക്ക് വിരുദ്ധമായി അനുവദനീയമായ തുകയിലും അധികം നൽകിയിരിക്കുന്നു.

| ഗുണഭോക്താവ് | 2020-21 കാലയളവിൽ ആകെ നൽകിയ സബ്സിഡി (₹) | അധികരിച്ച് നൽകിയ സബ്സിഡി (₹) |
|---|---|---|
| പ്രീത പി നായർ<br>അക്കൗണ്ട് നമ്പർ-109901000007697<br>(ഇൻഡ്യൻ ഓവർസീസ് ബാങ്ക്, തേവന്നൂർ) | 44,611/- | 4,611/- |
| മുഹമ്മദ് യൂസഫ്<br>എസ്.ബി.ഐ-കുമ്മിൾ<br>അക്കൗണ്ട് നമ്പർ-67087898379 | 50,479/- | 10,479/- |
| ബിജിശ്രീകുമാർ<br>എസ്.ബി.ഐ-അഞ്ചൽ<br>അക്കൗണ്ട് നമ്പർ – 57022558683 | 48,944/- | 8,944/- |
| ശ്രീജവേണുഗോപാൽ<br>ധനലക്ഷ്മി ബാങ്ക് ചടയമംഗലം<br>അക്കൗണ്ട് നമ്പർ - 007801300003198 | 54,578/- | 14,578/- |
| മൈഥിലി<br>ഇൻഡ്യൻ ബാങ്ക് ഇട്ടിവ<br>അക്കൗണ്ട് നമ്പർ - 574923956 | 42,890/- | 2,890/- |
| | ആകെ | 41,502/- |

വിശദവിവരം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മുഹമ്മദ് യൂസഫ്, പ്രീതാ പി നായർ എന്നിവർക്ക് യഥാക്രമം 10,479/-രൂപ, 4,611/-രൂപ വീതം അധികം നൽകിയിട്ടുണ്ടെന്നും, അധികം നൽകിയ തുക തിരികെ ഈടാക്കി അടയ്ക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. ബിജി ശ്രീകുമാർ, ശ്രീജ വേണുഗോപാൽ, മൈഥിലി എന്നിവർക്ക് 2019-20 വർഷത്തെ സ്പിൽ ഓവർ പദ്ധതികളിലായി ആണ് തുക നൽകിയതെന്ന് മറുപടിയിൽ പരാമർശിച്ചിരിക്കുന്നു. എന്നാൽ സാംഖ്യാ രേഖകൾ പ്രകാരം മേൽ പ്രസ്താവിത തുകകൾ അതാത് ഗുണഭോക്താക്കൾക്ക് നൽകിയതായി കാണുന്നതിനാലും, മറുപടിയെ സാധൂകരിക്കുന്ന രേഖകൾ ഹാജരാക്കാത്തതിനാലും, അധികം നൽകിയ സബ്സിഡി തുക 41,502/-രൂപ തിരികെ യഥാഫണ്ടിൽ ഒടുക്കുവരുത്തി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. – 10/3.6.22

നിരാകരിക്കുന്ന തുക-41,502/-രൂപ

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 02-06-2022 | കെ.എസ്.എ.കെ.എൽ.എം-പി-3/1049/22<br>തീയതി 19/07/2022 |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

ഫണ്ട് വിവരം വ്യക്തമാക്കി വേർതിരിച്ച് ലഭ്യമാക്കിയിട്ടില്ല.

4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക (₹) | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിട്ടി, കൊട്ടാരക്കര | എസ് സി കോളനി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (102/21) | U.781007262 & U.781007264/ 2020 | 17,57,000/- | തുക പൂർണ്ണമായും ചെലവഴിച്ചു | |

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

4-5 വായ്പ/വായ്പതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

4-6 സ്ഥിര നിക്ഷേപം

ഇല്ല.

4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവ ഇല്ല.

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക (₹) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 1,771/- | ശ്രീ. അശ്വിൻദാസ്, അസി.എഞ്ചിനീയർ |
| 3-2 | | 41,502/- | ശ്രീമതി പൗർണ്ണമി, സിവി, ക്ഷീര വികസന ഓഫീസർ |

(ബി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| നമ്പർ | | |
| 1-14 | 1,35,71,035/- | ശ്രീ. ബിമൽ ചന്ദ്രൻ, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. അശ്വിൻ ദാസ് വി കെ<br>അസി. എഞ്ചിനീയർ | അസി.എഞ്ചിനീയർ,<br>ചടയമംഗലം ബ്ലോക്ക് പഞ്ചായത്ത് | അശ്വിൻ നിവാസ്, കോന്നിയൂർ<br>ഉറിയക്കോട്, തിരുവനന്തപുരം |
| ശ്രീമതി പൗർണ്ണമി സി വി<br>ക്ഷീര വികസന ഓഫീസർ | ക്ഷീര വികസന ഓഫീസർ,<br>ചടയമംഗലം ബ്ലോക്ക് പഞ്ചായത്ത് | തണൽ, വെട്ടിയിട്ട് കോണം<br>പാപ്പാല, കിളിമാനൂർ |
| ശ്രീ. വിമൽ ചന്ദ്രൻ, സെക്രട്ടറി | സെക്രട്ടറി,<br>ചടയമംഗലം ബ്ലോക്ക് പഞ്ചായത്ത് | വിമൽ വിഹാർ, ഇളമാട് പി.ഒ.<br>കൊല്ലം |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ്<br>വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും<br>ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 2000-01 | കെ.എസ്.എകെ.എൽ.എം-പി-3/27/18 തീയതി 08-02-2018 |
| 2002-03 | കെ.എസ്.എകെ.എൽ.എം-പി-3/27/18 തീയതി 08-02-2018 |
| 2005-06 | കെ.എസ്.എകെ.എൽ.എം-പി-3/27/18 തീയതി 08-02-2018 |
| 2006-07 | കെ.എസ്.എകെ.എൽ.എം-പി-3/27/18 തീയതി 08-02-2018 |
| 2007-08 | എൽ.എഫ്.ക്യൂ.ഡി.ബി-1535(4)/14 തീയതി 09-07-14 |
| 2008-09 | എൽ.എഫ്.ക്യൂ.ഡി.ബി-1535(3)/14 തീയതി 09-07-14 |
| 2009-10 | എൽ.എഫ്.ക്യൂ.ഡി.ബി-1535(2)/14 തീയതി 09-07-14 |
| 2010-11 | എൽ.എഫ്.ക്യൂ.ഡി.ബി-1535(1)/14 തീയതി 09-07-14 |
| 2011-12 | എൽ.എഫ്.ക്യൂ.ഡി.ബി-370/14 തീയതി 16-09-14 |
| 2012-13 & 2013-14 | കെ.എസ്.എ.കെ.എൽ.എം-ഡി.ബി-1519/15 തീയതി 16-11-15 |
| 2014-15 & 2015-16 | കെ.എസ്.എ.കെ.എൽ.എം-ഡി.ബി-530/17 തീയതി 22-03-2027 |
| 2016-17 | കെ.എസ്.എകെ.എൽ.എം-പി-3/1953/2017 തീയതി 17-11-2017 |
| 2017-18 | കെ.എസ്.എകെ.എൽ.എം-പി-3/1938/2018 തീയതി 28-02-2019 |
| 2018-19 | കെ.എസ്.എകെ.എൽ.എം-പി-3/824/2020 തീയതി 11-01-2021 |
| 2019-20 | കെ.എസ്.എകെ.എൽ.എം-പി-3/825/2020 തീയതി 13-04-2022 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ ചടയമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ ചടയമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധപത്രികകൾ

### അനുബന്ധം 3

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.